**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ എറണാകുളം റോഡിലെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുതുരുത്തി, വടയാർ വില്ലേജുകളിൽ ഉൾപ്പെട്ട 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ - എറണാകുളം റോഡിലെ അപകട വളവുകൾ നിവർത്തുന്നതിന് ആവശ്യമായ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 16.12.2021 ലെ സ.ഉ.(സാ.ധാ) നമ്പർ 4531/2021/റവ, 03.07.2022 ലെ സ.ഉ.(സാ.ധാ) നമ്പർ 2928/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സർവ്വീസ് സൊസൈറ്റിയെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 03.06.2022 ലെ 1825-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സാമൂഹ്യാഘാത പഠനം നടന്നു വരുന്നതുമാണ്. |
| (ബി) | പ്രസ്തുത സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി) | ഉണ്ട്. 16.12.2021 ലെ സ.ഉ.(സാ.ധാ) നമ്പർ 4531/2021/റവ, 03.07.2022 ലെ സ.ഉ.(സാ.ധാ) നമ്പർ 2928/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമിയേറ്റെടുക്കൽ എന്ന് പൂർത്തീയാകും; ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (ഡി) | സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തി ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. തുടർന്ന് ആക്ടിൽ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിരിക്കുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ 11(1) വിജ്ഞാപനം, ആർ.ആർ പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് എന്നിവ പാസാക്കി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ